പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2880

13-03-2018 ൽ മറുപടിക്ക്

## കൊയ്ത്ത് യന്ത്രങ്ങൾ ന്യായമായ വാടകയ്ക്ക് നൽകി നെൽകർഷകരെ സഹായിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. ഷാഫി പറമ്പിൽ

,, വി.ടി.ബൽറാം

,, ഹൈബി ഈഡൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൊയ്ത്തിനായി കർഷക തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിൽ കൊയ്ത്ത് യന്ത്രങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പല കർഷക സംഘങ്ങളും സഹകരണ സ്ഥാപനങ്ങളും വാങ്ങിയിട്ടുള്ള കൊയ്ത്ത് യന്ത്രങ്ങൾ പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | സംസ്ഥാനത്തെ പാടശേഖരങ്ങളിൽ തമിഴ് നാട്ടിൽ നിന്നുള്ള കൊയ്ത്ത് യന്ത്രങ്ങളും തൊഴിലാളികളും ആണ് പ്രവർത്തിക്കുന്നത് എന്നും അവർ അമിതമായി കൂലി ഈടാക്കുന്നു എന്നതും വസ്തുതയാണോ; | (സി) | കൊയ്ത്ത് സീസണുകളിൽ സംസ്ഥാനത്തെ കൊയ്ത്തു മെതിയന്ത്രങ്ങൾക്കു പുറമേ ഇതര സംസ്ഥാനങ്ങളിൽ (തമിഴ് നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക) നിന്നുള്ള കൊയ്ത്തുമെതി യന്ത്രങ്ങൾ ഉപയോഗിച്ച് പാടശേഖരങ്ങളിൽ കൊയ്ത്തു നടത്താറുണ്ട്. അമിതമായ കൂലി ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് കൊയ്ത്തിനായി ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കൊയ്ത്ത് യന്ത്രങ്ങൾ ന്യായമായ വാടകയ്ക്ക് നൽകി നെൽ കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പാടശേഖര സമിതികൾക്ക് കൊയ്ത്ത് മെതി യന്ത്രങ്ങൾ ന്യായമായ നിരക്കിൽ (മണിക്കൂറിന് 800/- രൂപ) വാടകയ്ക്ക് നൽകി വരുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള യന്ത്രസാമഗ്രികളുടെ കാര്യക്ഷമമായ ഉപയോഗത്തിനും വിതരണ ത്തിനും വേണ്ടി ഇതിന്റെ പ്രവർത്തനം ക്രോഡീകരിക്കുന്നതിന് വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ